# ജി.എൽ.പി.എസ്
# പൊററശേരി ഈസ്ററ്

കാഞ്ഞിരപ്പുഴ പി.ഒ മണ്ണാർക്കാട്
പാലക്കാട് ജില്ല, പിൻ 678591



## അക്കാദമിക മാസ്ററർ പ്ലാൻ

## 2025-26

# ജി.എൽ.പി.എസ് പൊററശേരി ഈസ്ററ്

## മുണ്ടക്കുന്ന്, കാഞ്ഞിരപ്പുഴ മണ്ണാർക്കാട്, പാലക്കാട്

### അക്കാദമിക മാസ്ററർ പ്ലാൻ 2025-26

## (ആമുഖം)

കേരളത്തിലെ പൊതുവിദ്യാലയങ്ങളെല്ലാം ഉണർവിന്റെ പാതയിൽ സഞ്ചരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തിൽ എത്തിച്ചേരുന്ന ഓരോ വിദ്യാർത്ഥിക്കും ഉയർന്ന നിലവാരത്തിലുള്ള പഠനനാനുഭവങ്ങൾ നൽകുകയും അതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നതോടൊപ്പം വ്യക്തിപരമായ ശ്രദ്ധയും പരിഗണനയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു അക്കാദമിക മാസ്ററർ പ്ലാൻ ആണ് നാം തയ്യാറാക്കിയിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന ഇരുനൂറ് അദ്ധ്യയന ദിനങ്ങളും ആയിരം മണിക്കൂർ പഠന സമയവും , പഠനപ്രവർത്തനങ്ങൾ രസകരവും വെല്ലുവിളികൾ ഉയർത്തുന്നതുമാക്കി മാററികൊണ്ട് ഐ.സി.ടി സാധ്യതയുള്ള പഠനാന്തരീക്ഷവും വിവിധ വിലയിരുത്തലുകളും ഉൾചേർത്തുകൊണ്ടുള്ള മാസ്ററർ പ്ലാൻ എന്ന പ്രത്യേകതയും ഇതിനുണ്ട്.

അദ്ധ്യാപകർ, വിദ്യാർത്ഥികൾ സാമ്പത്തിക സ്രോതസ്സുകളായ പ്രദേശിക സ്ഥാപനങ്ങൾ, പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതികൾ എന്നിവയുടെ കൂട്ടായ്മയോടുള്ള നിരന്തര പ്രവർത്തനങ്ങൾ ഇതിന് ആവശ്യമാണ്. ഈ മാസ്ററർ പ്ലാൻ നടപ്പിലാക്കുന്നതിലൂടെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് സ്കൂളിന്റെ സമഗ്ര വികസനം സാക്ഷാൽകരിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു.

# വിദ്യാലയത്തെ സംബന്ധിക്കുന്ന പൊതു വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എൽ.പി.എസ് പൊററശേരി ഈസ്ററ് |
| സ്ഥാപിത വർഷം | : 1927 |
| ഗ്രാമ പഞ്ചായത്ത് | : കാഞ്ഞിരപ്പുഴ |
| വാർഡ് | : 13 മുണ്ടക്കുന്ന് |
| ദേശം | : മുണ്ടക്കുന്ന് |
| താലൂക്ക് | : മണ്ണാർക്കാട് |
| ഉപജില്ല | : മണ്ണാർക്കാട് |
| വിദ്യാഭാസ ജില്ല | : മണ്ണാർക്കാട് |
| ജില്ല | : പാലക്കാട് |
| നിയമസഭാ മണ്ഡലം | : കോങ്ങാട് |
| ബി.ആർ.സി | : മണ്ണാർക്കാട് |
| സി.ആർ.സി | : ജി.യു.പി.എസ് പുളിഞ്ചൽ |
| പ്രധാനദ്ധ്യാപിക | : റോസമ്മ തോമസ് |
| പി.ടി.എ പ്രസിഡണ്ട് | : നിഷാദ് |
| ഫീഡിങ്ങ് ഏരിയ | : മുണ്ടക്കുന്ന്, അക്യാംപാടം,കല്ലംകളം അമ്പംകുന്ന്,പള്ളിപ്പടി ,കാഞ്ഞിരം |
| ഫോൺ നമ്പർ | : 04924 238336 |
| ഈ മെയിൽ | : glpspottasseieastpkd@gmail.com |

## പൊതു ലക്ഷ്യങ്ങൾ

- സാമൂഹിക പങ്കാളിത്തത്തോടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക.
- മലയാളം, ഇംഗ്ലീഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്യുക, ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുക എന്നീ തലങ്ങളിലേക്ക് എല്ലാ വിദ്യാർഥികളെയും എത്തിക്കുക.
- വായനാ സംസ്കാരം വളർത്തിയെടുക്കുക.
- ശാസ്ത്രബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.
- ദൈനംദിന ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഗണിത ബോധം വളർത്തിയെടുക്കുക.
- വിദ്യാർത്ഥികളിലെ കലാകായിക പ്രതിഭകളെ കണ്ടെത്തുക, വളർത്തുക.
- വിദ്യാലയ ശുചിത്വ പ്രവർത്തനങ്ങളിലൂടെ ശുചിത്വബോധമുള്ള തലമുറയെ വാർത്തെടുക്കുക.
- വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളായ ഗുണത, തുല്ല്യത എന്നിവക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ഇവയെ ഫലപ്രദമാക്കുന്നതിന് വിദ്യാലയ അന്തരീക്ഷത്തെയും പഠന രീതികളെയും മാററിയെടുക്കുക.
- പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും മാതൃഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക.
- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ താത്പര്യവും കഴിവും വളർത്തിയെടുക്കുക

# സ്കൂൾ ചരിത്രം

തൊണ്ണൂറോളം വർഷങ്ങളായി കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ മുണ്ടക്കുന്ന് പ്രദേശത്തെ ജനതയുടെ അറിവിന്റെ നിറദീപമായി പൂർണശോഭയോടുകൂടി തെളിഞ്ഞുനിൽക്കുന്ന ഒന്നാണ് ഈ വിദ്യാലയം.

1927 ൽ ചേമ്പിള്ളി നാരായണൻ നായർ സ്ഥാപിച്ച ഈ ഏകാധ്യാപക വിദ്യാലയം പിന്നീട് വെള്ളേക്കൻപാടി തെയ്യുണ്ണി അധികാരി ഏറെറടുത്ത് ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്ക് മാററി സ്ഥാപിച്ചു. പിന്നീട് 1930 കാലഘട്ടങ്ങളിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറെറടുത്തു. സാമൂഹ്യപരമായി വളരെയധികം ഉച്ചനീചത്വങ്ങൾ നിലവിലുണ്ടായിരുന്ന അക്കാലത്ത് എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ഉദാരമതികൾ ആരംഭിച്ച ഈ സ്ഥാപനം മാത്രമായിരുന്നു ഈ പഞ്ചായത്തിലെ ഏക വിദ്യാഭ്യാസ സ്ഥാപനം. ആദ്യകാലഘട്ടങ്ങളിൽ സമൂഹത്തിന്റെ എല്ലാതലങ്ങളിൽ പെട്ടവർക്കും വിദ്യാഭ്യാസത്തിനുള്ള ഏക സ്ഥാപനം ഇതൊന്നു മാത്രമായിരുന്നു. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പൊററശേരി ഹൈസ്കൂൾ പോലും ഇതിന് ശേഷം സ്ഥാപിതമായതാണ്. ആദ്യ കാലങ്ങളിൽ വിദ്യാർത്ഥികളുടെ ആധിക്യം മൂലം ക്ലാസ്സ്മുറികൾ നിറഞ്ഞിരുന്ന അവസ്ഥയായിരുന്നു. നിലവിലുള്ള പഴയകെട്ടിടത്തിലെ വലിയ ഹാളിലായിരുന്നു 1 മുതൽ 4 വരെയുള്ള എട്ട് ഡിവിഷൻ പ്രവർത്തിച്ചിരുന്നത്. ആദ്യകാലങ്ങളിൽ സ്ഥിരാധ്യാപകരുടെ എണ്ണം വളരെ പരിമിതമായിരുന്നു. എന്നിരുന്നാലും അക്കാദമിക കലാ കായിക മേഖലകളിൽ മികച്ച നിലവാരം പുലർത്തിപ്പോന്നിരുന്നു. ഈ കാലയളവിൽ സേവനമനുഷ്ഠിച്ചവരിൽ എടുത്തു പറയേണ്ടവരിൽപെട്ട അധ്യാപകരാണ് രാമചന്ദ്രൻ മാസ്ററർ, കൃഷ്ണൻ മാസ്ററർ, വിശാലാക്ഷി ടീച്ചർ, അച്ചുതൻ മാസ്ററർ, ഗംഗാധരൻ മാസ്ററർ, സുബ്രമണ്യൻ മാസ്ററർ , സുമുഖിയമ്മ ടീച്ചർ, ഇറാനിമോസ് മാസ്ററർ, മത്തായി

മാസ്ററർ, ലിസി ടീച്ചർ തുടങ്ങിയവർ ഈ വിദ്യാലയത്തിന്റെ പുരോഗതിക്കും നിലനിൽപിനും ഇവർ ചെയ്ത സേവനങ്ങൾ എന്നും നന്ദിയോടെ സ്മരിക്കപ്പെടുന്നു.

ആരംഭിച്ച കാലം മുതൽ ഒരു വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. 2014 ൽ ഗ്രാമപഞ്ചായത്തിന്റെയും നാട്ടുകാരുടെയും സഹകരണത്തോടെ 25 സെന്റ് സ്ഥലം വാങ്ങുകയും എസ്.എസ്.എ യുടെയും ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ അഞ്ച് ക്ലാസ്സ് മുറികൾ നിർമ്മിക്കുകയും ചെയ്തു. പിന്നീട് കോങ്ങാട് എം.എൽ.എ ശ്രീ: വിജയദാസ് അവർകളുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഒരു ക്ലാസ്സ് മുറിയും സ്ററെയർ മുറിയും നിർമ്മിക്കുകയുണ്ടായി. രണ്ടു ഘട്ടങ്ങളിലായി ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടുകൾ വിനിയോഗിച്ച് ഈ ക്ലാസ്സ്മ മുറികളും വരാന്തകളും ടൈൽസ് പതിപ്പിച്ച് മോടി കൂട്ടുവാനും കഴിഞ്ഞിട്ടുണ്ട്. നിലവിൽ പ്രീ പ്രൈമറി അടക്കം ഇരുനൂററി എൺപതോളം കുട്ടികൾ പഠിക്കുന്നുണ്ട്. പ്രീ പ്രൈമറി അടക്കം പത്ത് അധ്യാപകരും ഒരു ഭാഷാ അധ്യാപകൻ, ഒരു പി.ടി.സി.എം എന്നിവർ ഉൾപ്പടെ പതിമൂന്ന് ജീവനക്കാർ ഈ വിദ്യാലയത്തിൽ ഉണ്ട്. മററു വിദ്യാലയങ്ങൾ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ പൂർണത കൈവരിച്ച് മുന്നേറുമ്പോൾ പാതി വഴി മാത്രം പിന്നിട്ടിരിക്കുകയാണ് ഈ വിദ്യാലയം. നിലവിൽ അഞ്ച് ക്ലാസ്സ് മുറികൾ ഇപ്പോഴും സൗകര്യം കുറഞ്ഞ പഴയ വാടക കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി അഞ്ച് ക്ലാസ്സ് മുറികളും ഒരു സ്ററാഫ് റൂമും ഉൾപ്പടെ ആറു മുറികൾ നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ കേരള സർക്കാർ ബഡ്ജററിൽ വകയിരുത്തുകയും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

## വിദ്യാലയം കൈവരിച്ച അക്കാദമിക നേട്ടങ്ങൾ

ആരംഭം മുതൽ മുതൽ തന്നെ പാഠ്യേ പഠ്യേതര വിഷയങ്ങളിൽ ഈ വിദ്യാലയം ഉയർന്ന നിലവാരം പുലർത്തി വരുന്നു എന്നത് ഏറെ അഭിമാനകരമായ കാര്യമാണ്. ഓരോ വർഷവും ധാരാളം വിദ്യാർഥികൾ ഈ വിദ്യാലയത്തിൽ നിന്നും എൽ.എസ്.എസ്. സ്കോളർഷിപ്പ് നേടി വരുന്നുണ്ട്. സോണൽ കലാ കായിക മത്സരങ്ങളിൽ നിരവധി തവണ കിരീടം കരസ്ഥമാക്കാൻ ഈ വിദ്യാലത്തിന് സാധിച്ചിട്ടുണ്ട്. ഓരോ വർഷവും നടക്കുന്ന സോണൽ കലോത്സവത്തിലും , കായിക മത്സരത്തിലും മികച്ച പ്രകടനം കാഴ്ച വെക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കൂടാതെ സബ്ജില്ലാ തല മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരോ വിദ്യാർത്ഥിയും ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കി കൊണ്ട് സ്കൂളിന്റെ മികവ് തെളിയിച്ച് വരുന്നു. ഏതാനും വർഷങ്ങൾ ആയി പ്രവൃത്തി പരിചയ മേളകളിലും വിദ്യാരംഗം കലാ സാഹിത്യ വേദികളിലും പങ്കെടുക്കുകയും നേട്ടങ്ങൾ കരസ്ഥമാക്കുകയും ചെയ്തു വരുന്നു. മുൻ വർഷങ്ങളിൽ സംസ്ഥാന സർക്കാർ മികച്ച സ്കൂളുകൾക്ക് അവാർഡ് നൽകി ആദരിച്ചപ്പോൾ കോങ്ങാട് മണ്ഡലത്തിലെ മികച്ച സ്കൂളായി ഈ വിദ്യാലത്തെ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുകയും ചെയ്തിട്ടുണ്ട്.202425 വർഷത്തിലെ സോണൽ കലോത്സവത്തിലും സോണൽ സപോർട്സിലും കിരീടം നേടുകയും കലോത്സവത്തിൽ സബ്ജില്ലാ തലത്തിലെ മൂന്നാം സ്ഥാനവും നേടുകയുണ്ടയി.

## വിദ്യാലയ മികവ് കാഴ്ചപ്പാട്

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ വിവിധ വിഷയങ്ങളിൽ ഓരോ കുട്ടിക്കും ലഭിക്കേണ്ട ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്യുന്നത്.

### മാതൃ ഭാഷ

എല്ലാവർക്കും എഴുത്തും വായനയും ഉറപ്പിക്കൽ, പ്രത്യേക പരിശീലനങ്ങൾ വയനാ സാമഗ്രികൾ തയ്യാറാക്കൽ എന്നിവയിൽ പരിശീലനനം നൽകൽ.

### ഇംഗ്ലീഷ്

എഴുത്തിനും വായനക്കും ആശയ വിനിമയത്തിനുമുള്ള താത്പര്യവും ആത്മ വിശ്വാസവും വർദ്ധിപ്പിക്കുക, ഹലോ ഇംഗ്ലീഷ് പദ്ധതി നടപ്പാക്കൽ

### ഗണിതം

സംഖ്യാബോധം ഉറപ്പിക്കൽ, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ, യുക്തി ചിന്തക്കുള്ള അവസരം ഒരുക്കൽ, ഗണിതത്തോടുള്ള താത്പര്യം വർദ്ധിപ്പിക്കൽ, ഗണിത ലാബ് സജ്ജീകരിക്കൽ

കലാകായിക പ്രവൃത്തി പരിചയം

### ടാലന്റ് ലാബ്

ബി.ആർ.സി യിലെ വിദഗ്ദ്ധ അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകൽ, ആയുർവ്വേദ ആശുപത്രിയുടെ നേതൃത്വത്തിൽ യോഗാക്ലാസ്സും പരിശീലനവും

### കമ്പ്യൂട്ടർ വിദ്യാഭ്യാസം

ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നൽകൽ, കുട്ടികൾക്കും അദ്ധ്യാപകർക്കും കമ്പ്യൂട്ടർ പരിശീലനം, എല്ലാ ക്ലാസ്സ് മുറികളും സ്മാർട് ക്ലാസ്സ് റൂം ആയി മാററുക

### ക്ലീൻ കാമ്പസ്

വ്യക്തി ശുചിത്വവും വിദ്യാലയ ശുചിത്വവും വളർത്തിയെടുക്കുന്ന പദ്ധതികളുടെ ആസൂത്രണം

### പാരിസ്ഥിതികാവബോധം

പരിസ്ഥിതിയെ പരിപാലിച്ച് സംരക്ഷിക്കുന്ന ഒരു തലമുറയെ സൃഷ്ടിച്ചെടുക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.

# നിലവിലെ അവസ്ഥ

(ഭൗതികം)

സ്കൂൾ ചരിത്രത്തിൽ സൂചിപ്പിച്ചത് പോലെ 1929 ൽ പ്രവർത്തനമാരംഭിച്ചതുമുതൽ 2014 ഒകടോബർ വരെ സ്കൂൾ പൂർണ്ണമായും ഒരു സ്വകാര്യ വ്യക്തിയുടെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. 2010 ൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിന്റെയും നാട്ടുകാരുടെയും സഹകരണത്തോടെ നിലവിലുള്ള നിലവിലുള്ള സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ നിന്ന് 25 സ്ഥലം വാങ്ങുകയും എസ്.എസ്.എ ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ അഞ്ച് ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടം പണിതു 2014 മുതൽ നാലു ക്ലാസ്സ് മുറികളും ഒരു ഓഫീസ് മുറിയും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. പിന്നീട് കോങ്ങാട് എം.എൽ.എ ശ്രീ.കെ വി വിജയദാസ് അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മറെറാരു ക്ലാസ്സ് മുറിയും സ്റെറയർ മുറിയും നിർമ്മിച്ചു. ഈ മുറികളും വരാന്തയും ഉൾപ്പടെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ടൈൽസ് പണിയും പൂർത്തിയാക്കി. എന്നാൽ പ്രീ പ്രൈമറി ഉൾപ്പടെ അഞ്ച് ക്ലാസ്സുകൾ ഇപ്പോഴും തീരെ സൗകര്യമില്ലാത്ത വാടക കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചു വരുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ കേരള സർക്കാർ ബഡ്ജററിൽ വകയിരുത്തിയ ഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോൾ ക്ലാസ്സ്മുറികളുടെ പരിമിതി മറികടക്കാൻ കഴിയുമെന്നാണ് നമ്മുടെ പ്രതിക്ഷ.

ഹൈടെക് രീതിയിൽ പഠനം ഒരുക്കുന്നതിനായി കൈററ് പ്രോജക്ട് 2019 ൽ അഞ്ച് ലാപ്ടോപകളും രണ്ട് എൽ.സി.ഡി പ്രോജക്ടറുകളും സ്കൂളിന് നൽകുകയുണ്ടായി. കൂടാതെ പി.ടി.എ ഫണ്ടിൽ നിന്നും വാങ്ങിയ ഒരു എൽ.സി.ഡി പ്രോജക്ടറും 2023 ൽ പഞ്ചായത്ത് നൽകിയ മൂന്ന് ലാപ്ടോപ്പുകളും നിലവിൽ ഉപയോഗിച്ചു വരുന്നു. 2018 ൽ കോങ്ങാട് എം.എൽ.എ ശ്രീ.കെ വി വിജയദാസ് നൽകിയ മൂന്ന് ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും സ്കൂളിനുണ്ട്. ഒരോ ക്ലാസ്സ് മുറിയിലും എൽ.സി.ഡി പ്രോജക്ടറുകൾ ഉപയോഗിക്കുവാൻ ഇനിയും അഞ്ച് എൽ.സി.ഡി പ്രോജക്ടറുകൾ ആവശ്യമായിട്ടുണ്ട്. അതേങ്ങടൊപ്പം ഒരു ഡിജിററൽ ക്യാമറയും സ്കാനർ, കളർ പ്രിന്റർ എന്നിവയും ആവശ്യമാണ്.

സ്കൂളിന് അടുക്കള മുറി ഉണ്ടെങ്കിലും സ്റേറാർ മുറിയും കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ ഡൈനിംഗ് ഹാളും നിലവിൽ ഇല്ല. വാട്ടർ സംവിധാനത്തിന് ഉള്ള കിണർ അററകുററ പണി നടത്തി നന്നാക്കണം. ഒപ്പം വാട്ടർ സപ്ളെ സംവിധാനത്തിനായി പുതിയ കെട്ടിടത്തിനു മുകളിൽ ഒരു പുതിയ വാട്ടർ ടാങ്ക് നിർമ്മിച്ച് പ്ളമ്പിംഗ് ഉൾപ്പടെ നവീകരിക്കണം.

പഴയ രണ്ട് യൂണിററ് ടോയ്ലററുകൾക്ക് പുറമെ മൂന്ന് മുറികൾ ഉള്ള പുതിയ ഒരു യൂണിററ് ടോയ്ലററ് 2019 ൽ പഞ്ചായത്ത് നിർമ്മിച്ചു. കൂടാതെ 2023 ൽ ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ മൂന്ന് മുറികളുള്ള പുതിയ ഒരു യൂണിററ് ടോയ്ലററ് കൂടി പൂർത്തിയാക്കുകയുണ്ടായി.

# അദ്ധ്യാപകരും ചുമതലകളും

| ക്രമ നമ്പർ | പേര് | ക്ലാസ്സ് | പ്രത്യേക ചുമതലകൾ |
|---|---|---|---|
| 1 | റോസമ്മ തോമസ് | 2 | ഹെഡ്മിസ്ട്രസ്സ് |
| 2 | മോഹന ദാസൻ. | 3 | സീനിയർ അസിസ്റ്റന്റ്<br>ഉച്ചഭക്ഷണം<br>അസംബ്ലി & അച്ചടക്കം |
| 3 | ഷീജ വി.സി | 4 | സ്റ്റാഫ് സെക്രട്ടറി<br>കാർഷിക ക്ലബ്ബ്<br>പ്രവൃത്തി പരിചയം |
| 4 | ജോതിസ് എൻ, | 1 | ക്വിസ്<br>കലാ മത്സരങ്ങൾ |
| 5 | സജിത പി | 3 | എസ്.ആർ.ജി കൺവീനർ<br>പ്രവൃത്തി പരിചയം |
| 6 | സമീറ | | വിദ്യാരംഗം കൺവീനർ<br>ശാസ്ത്രമേള |
| 7 | ശിൽപ | 4 | ഗണിത ക്ലബ്ബ് |
| 8 | ഗോപിക | 2 | ഇംഗ്ലീഷ് ക്ലബ് |
| 9 | മുജീബ് റഹ്മാൻ, | അറബിക് | PSITC<br>പഠനയാത്ര<br>അറബിക് ക്ലബ്ബ്<br>സ്കോളർഷിപ്പ് |
| 10 | രാജകുമാരൻ | PTCM | ശുചിത്വം |

| പ്രീ പ്രൈമറി സ്റ്റാഫ് ( പി.ടി.എ) | | |
|---|---|---|
| 1 | ജസ്ന | അദ്ധ്യാപിക |
| 2 | ബിൻഷ | അദ്ധ്യാപിക |
| 3 | സുമയ്യ | ഹെൽപ്പർ |

## പദ്ധതി രൂപീകരണ ഘട്ടങ്ങൾ

| | |
|---|---|
| 03/05/2025 | എസ്.ആർ.ജി. കൂടി പദ്ധതി രൂപീകരണത്തിനുള്ള പൊതു ധാരണകൾ കണ്ടെത്തി |
| 14/05/20225 | സ്ററാഫ്, പി.ടി.എ എക്സിക്യൂട്ടീവ് യോഗത്തിൽ കരട് രൂപരേഖ ചർച്ച ചെയ്തു |
| 22/05/2025 | പദ്ധതി രൂപരേഖ തയ്യാറാക്കി |
| 27/05/2025 | പ.ടി.എ , അദ്ധ്യാപക സംയുക്ത യോഗത്തിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തി |
| 02/06/25 | കരട് പദ്ധതി രൂപരേഖ എഴുതി തയ്യാറാക്കി |
| 04/07/25 | അക്കാദമിക മാസ്ററർ പ്ളാൻ ഡി.ടി.പി. എടുത്തു |

# അക്കാദമിക
# മാസ്ററർ പ്ലാൻ

2025-26

# ക്ലാസ്സ് ഒന്ന്

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധ തരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടു കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ

പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ / കഥകൾ എന്നിവ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിലേർപ്പെടൽ
* ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
* തിയറ്റർ സാധ്യതകൾ വായനകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ചെറുകഥകൾ/ എഴുതുന്നു വായിക്കുന്നു.
* ആത്മവിശ്വാസത്തോടെ വായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിലേർപ്പെടാനും ശേഷി നേടുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

* സചിത്ര നോട്ടുബുക്ക്, സചിത്ര ആസൂത്രണം അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്രഡയറി സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്രകാർഡുകൾ, വായന കാർഡുകൾ നിർമ്മാണം
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

## ജൂലൈ

* സംയുക്തഡയറി എഴുതാൻ സഹായമൊരുക്കൽ
* കുട്ടിക്ക് കഥപറയാൻ അവസരമൊരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരമൊരുക്കുന്നു
* ചെറുകഥകൾ കേൾക്കാനവസരം ഒരുക്കുന്നു
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

## ഓഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ, പാഠരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ
* ഭാഷാവികസനത്തിന് അവസരമൊരുക്കുന്നു
* സംയുക്തഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
* ഭാഷാശേഷി വർധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരമൊരുക്കുന്നു.
* സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് അവസരമൊരുക്കുന്നു
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* വ്യക്തിഗത രചനകൾക്ക് അവസരമൊരുക്കുന്നു
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു
* ആസ്വാദ്യകരമായ വായന നടത്തുന്നു
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും
* ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു
* ഭിന്നനിലവാരക്കാരെ പരിഗണിച്ച ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

## നവംബർ

* വായനോത്സവം, രചനോത്സവം എന്നിവ തുടങ്ങുന്നു.
* താളാത്മകമായി കവിത ചൊല്ലൽ
* പത്രവായനക്ക് അവസരമൊരുക്കൽ
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു
* ചിത്രത്തിന് ചേർന്ന കഥകൾ എഴുതൽ
* കൂട്ടവായന, നാട്ടുവായന, ചിത്രവായന, വീട്ടു വായന ഇവയെ പ്രോത്സാഹിപ്പിക്കൽ

# ഡിസംബർ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കും.
* രചനശേഷി പരിപോഷിപ്പിക്കൽ
  ദൈനംദിന അനുഭവങ്ങൾ എഴുതൽ
* ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘുകഥകൾ, കവിതകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു
* പരസ്പരം ചിന്തകൾ ഉപയോഗിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു
* സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി
  രചനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ചെറുരചന ശില്പശാലകൾ നടത്തുന്നു.
* തിയേറ്റർ സാധ്യതകൾ വായനക്കളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു
* സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു
* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരമൊരുക്കുന്നു
  മികവുകൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.

## ഫെബ്രുവരി

* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി എഴുതുന്നതിനും വായിക്കുന്നതിനും അവസരമൊരുക്കുന്നു
* ആശയപൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു
* സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു
* കുട്ടികളുടെ മികവുകൾ സമൂഹത്തിൽ അവതരിപ്പിക്കുന്നു

# മാർച്ച്

* വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മവായന ചങ്ങലവായന, സ്വന്തം വായന എന്നിവക്ക് പ്രോത്സാഹനം നൽകുന്നു
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
* മികവുകൾ സമൂഹത്തിന് മുമ്പിൽ എത്തിക്കുന്നു
* സചിത്രപാഠം. പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കുന്നു
* സർഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു
* എല്ലാ കുട്ടികളെയും സചിത്രപാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# English

The goal for the first grader is to handle English fluently. The first grader go from Small words to big words. They must be able to read, write and Speak English. Every child Should be able to Speak English fluently like Malayalam. We have to keep the language English close to our heart

## Objectives and learning outcomes

* Responds to Simple instructions in the classroom
* Describe orally about the pictures and objects.
* Familiarise with simple words
* Enjoy Songs and Sings them with Rhythm and action.
* Familiarise the names of birds, animals their young ones and Identifies them from Pictures.

## June

* Introduce symbol words
* Provides picture cards

## July

* Identify familiar words
* Say familiar words
* Read familiar words
* Write familiar words

## August

* Enjoy Songs and sings them with Rhythm and action.
* Describes orally about pictures and objects using adjectives.

## September

* Read and write Simple words and simple Sentences.
* Provides picture cards and reading cards.

## October

* Introduce symbol picture descriptions
* Make word chain, sentence chain
* Make riddles
* Describing words, rhyming words
* Textbook activities

## November

* prepare reading cards
* Provide more opportunities to read, right and Speak English
* Writes five English words daily

## December

* Read and understand simple instructions in the classroom
* Encourage Digital reading

## January

* Enjoy Songs and Sings them with Rhythm and action
* Make picture albums
* collect pictures of animals and it's youngones.

## February

* Provide the opportunity to express myself in the classroom
* English assembly once in a week.

## March

* Speaks English fluently
* Read and write simple Sentences
* Picture reading and picture description

# ഗണിതം

ലക്ഷ്യങ്ങൾ

ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.

അഞ്ച് വരെയുള്ള എണ്ണത്തെ പകുതി തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഒറ്റക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു. എണ്ണുന്ന എഴുതുന്നു, വായിക്കുന്നു.

ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഒന്നു കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യകിട്ടും എന്ന് കണ്ടെത്തി പറയുന്നു.

സംഖ്യകളെ ആരോഹണ, അവരോഹണക്രമത്തിൽ എഴുതുന്നു.

രണ്ട് ഒറ്റക്കസംഖ്യകളുടെ സങ്കലനം.

രണ്ട് ഒറ്റക്കസംഖ്യകളുടെ വ്യവകലനം

ഒറ്റക്കസംഖ്യകളുടെ വ്യാഖ്യാനം.

ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും ചെയ്യുന്നു.

ഒറ്റക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

ജൂൺ

സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.

സംഖ്യാബോധം നിർമ്മിക്കൽ

ജൂലായ്

ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

ആഗസ്റ്റ്

ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

കൂടുതൽ കുറവ് തിരിച്ചറിയുന്നു.

ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ

ഒറ്റഅക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തുന്നു.

ഒറ്റഅക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തുന്നു.

ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

സംഖ്യാഗാനങ്ങൾ ആലപിക്കൽ

ഒക്ടോബർ

ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ

രണ്ടിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്

വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ

ഉല്ലാസഗണിത പ്രവർത്തനങ്ങൾ

നവംബർ

സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.

ഒറ്റഅക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

സംഖ്യകൾ ആരോഹണക്രമത്തിൽ എഴുതുന്നു.
ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

ഒരക്കസംഖ്യ, രണ്ടക്കസംഖ്യ തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

ഗണിത ആൽബം ഉണ്ടാക്കുന്നു.

മാർച്ച്

ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
ഉല്ലാസഗണിത പ്രവർത്തനങ്ങൾ
സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്ററർ പ്ലാൻ

2025-26

# ക്ലാസ്സ് രണ്ട്

# ആമുഖം

## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയെ പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാ സമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം/താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാ പൂരണം)

## മുന്നൊരുക്കം

* പ്രീ-ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിന് ഉള്ള അവസരമുണ്ടാക്കുന്നു

## പ്രവർത്തനലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കു-
ന്നു.

* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെ-
യും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു

* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, സജ്ജീകരി-
ക്കൽ, പ്രദർശനം നടത്തൽ

* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെ-
ടുത്തൽ

ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടുലൈബ്രറി ഒരുക്കൽ
* ചിത്രവിവരണം
* വായനാതലത്തിൽ എത്തിച്ച് - വ്യത്യസ്ത വ്യവഹാ-
ര രൂപങ്ങൾ ഉണ്ടാക്കുന്നു
* ഭാഷാ വികാസ മേഖലയിൽ എത്തിക്കുന്ന-
തിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടി-
പ്പിക്കുന്നു.

## സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കാൻ

* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കാൻ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കാൻ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്താൻ
* പാട്ടരങ്ങ്, പ്രകൃതി നടത്തം, യാത്രാ വിവരണം ഭാഷണം, ലേഖനത്തിന് അവസരമൊരുക്കാൻ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കാൻ
* വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
* ആന- ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കാൻ
* ആന - വായനാകാർഡുകൾ ഒരുക്കുന്നു.

## നവംബർ

* കുട്ടികളിൽ സ്വതന്ത്ര്യമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു
* എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു
* വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
(കവിതാപൂരണം)

* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

* അറിയിപ്പുകൾ, ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ

## ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ
(ഭാഷണം, ലേഖനം, എഴുത്ത്)

* കുട്ടികളിൽ സ്വതന്ത്ര്യമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

* എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.

## മാർച്ച്

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിക്കും - ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന ചിത്രവായന, ഇ വായനയെ പ്രോത്സാഹിപ്പിക്കൽ
* ക്ലാസ് ലൈബ്രറി- സ്കൂൾ ലൈബ്രറി ശക്തമാക്കൽ
* നവമാധ്യമങ്ങളിലും PTA മീറ്റിങ്ങിലും അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ.

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി . ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

**ചുമതല**

*ക്ലാസ് ടീച്ചർ, സി. പി.ടി.എ.*

**സാമ്പത്തികം**

*എസ്.എസ്.കെ. പി.ടി.എ*

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ. പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 5 മുതൽ ഫെബ്രുവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ. പി.ടി.എ*

# ആമുഖം

## ഗണിതം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി
കുട്ടികളെ കാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടു-
കൊണ്ട് തന്നെയാണ് "ഉല്ലാസഗണിതം" പദ്ധതിയും
മുന്നോട്ടു വന്നത്, ഓരോ പഠനനേട്ടത്തിലൂടെയും
ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം
കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായി-
യാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർ-
ത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ
നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട്
വയ്ക്കുന്നത്.

## മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ- തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു

## പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

* 1, 2, 3, 4 ....
  1, 3, 5, 7 ...
  10, 20, 30, 40 ...
  5, 10, 15, 20 ....
  2, 4, 6, 8, 10 .... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറയ്ക്കുമ്പോൾ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

Camera Scanner HD

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* ഗണിതകിറ്റ് എല്ലാ കുട്ടികളിലുമെത്തിച്ചു
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
  (5+5 =10    10+10=20)

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
  99 നോട് 1 കൂട്ടിയാൽ 100
  10 പത്തുകൾ ചേർന്നാൽ 100 ആകും
  100 ഒന്നുകൾ ചേർന്നതാണ് 100.
* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിത സന്ദർഭങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

PDF Camera Scanner HD

## സെപ്റ്റംബർ

* ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രയോഗിക പ്രശ്നം പരിഹരിക്കൽ.
* വിലവിവരപ്പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

## ഒക്ടോബർ

* രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
(രണ്ടക്കസംഖ്യയിൽ നിന്നും ഒറ്റ സംഖ്യയുടെ വ്യവകലനം,
രണ്ടക്കസംഖ്യകൾ തമ്മിൽ സങ്കലനം,
വ്യവകലനം)
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ
(പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ
പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ.)

5..10..15..20..25
(5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം)

PDF Camera Scanner HD

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുതലായവ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
* "ക്ലാസിലൊരുകട" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ
നോട്ട് നാണയം.

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ
* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി. വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു

PDF Camera Scanner HD

ജനുവരി

* വില വിവരപ്പട്ടിക തയ്യാറാക്കൽ
വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പ്രശ്ന
പ്രശ്നം നിർധാരണം ചെയ്തു
കണ്ടെത്തൽ രീതികൾ

* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടു
ന്ന പ്രായോഗിക പ്രശ്നങ്ങൾ നിർ
ധാരണം ചെയ്യൽ

ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേള
കളിൽ ഗണിതാലാപനം നടത്തൽ
(ഒന്ന് രണ്ട് പറയുമ്പോൾ....)
* ഉല്ലാസഗണിതം Materils ഉപയോഗിച്ച്
ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ
ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി
വിജയം കൈവരിക്കൽ.

PDF Camera Scanner HD

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്
  മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
* കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
* [illegible] നമ്പറിലൂടെ താരതമ്യം ചെയ്യാൻ പ്രാപ്തരാക്കുക.

PDF Camera Scanner HD

GLPS POTTASSERY EAST

Academic master plan

Std 2 English

Aim . : To speak, Read, & write English without any mistakes

Time - June to march

PRETEST

To check the vocabulary and writing skills of pupils.

June and July

-To develop listening skills & reading skills

Listening skills

1-Games, Action songs Hello English activities

,2 -conversations, skit stories

Use ICT

Speaking skills

1-Identify the naming words from the picture.

2-Identify the action words from the same pictures

3-Make simple sentences using the action word and naming words about the picture

3-Make symbol description about the picture.

4- Growing sentences , picture reading, self introduction Assembly are also conducted

ACTIVITIES

- speech , book review, quiz riddles,self introduction. School radio etc

August and September

Develop the creative speaking and writing

Reading skills

1-News paper reading, library books reading, book review, reading breaking news,

2-find words.

3-collect and read past tense,

4-rhyming words,

5-describing words etc

6-Textbook activities

Writing skills

1-Make word web,

2-picture description with describing words,

3-word chain sentence chain,

4-make words,& sentences

5-make riddles conversations,

4-Add more lines ,

ACTIVITIES - speech , book review, quiz riddles,self introduction. School radio ,makes description magazines etc

October and November

To express thoughts feelings etc

Reading skill

1-News paper reading, library books reading, book review, reading

2 -conversations, skit stories use ICT materials

3-Reads breaking news,

4--develop story,

5-Read notice

Writing skills

1-description ,

2-notice proclamation,

3-Thought

ACTIVITIES - speech quiz riddles,. School radio ,makes magazines, skits etc

December and January

1-Develop the creative speaking and writing

2-To express thoughts feelings etc

Reading skill

1-News paper reading, library books reading, book review, reading

2 -conversations, skit stories use ICT materials

3-Reads breaking news,

4–develop story,

5-Reads diary

6-Reads letters from friends

Writing skills

1-diary

2-letter

3-Announcement,

ACTIVITIES - speech quiz riddles,. School radio ,makes magazines, skits ,class room post office etc

February and march

To improve the presentation power

Reading skill

1-News paper reading, library books reading, book review, reading

2 -conversations, skit stories use ICT materials

3-Reads breaking news,

4–develop story,

5-Reads diary

6-Reads letters from friends

Writing skills

1-diary

2-letter

3-Announcement

4–description ,

5-notice proclamation,

6-Thought

ACTIVITIES - speech quiz riddles, School radio ,makes magazines, skits ,class room post office ,Exibitionetc

# അക്കാദമിക മാസ്ററർ പ്ലാൻ

2025-26

## ക്ലാസ്സ് മൂന്ന്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# പരിസരപഠനം
# ക്ലാസ്സ് : 3

ലക്ഷ്യം :

പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുന്നതിന്

ജൂൺ

* ചെടികൾ നിരീക്ഷിക്കുന്നു
* പ്രകൃതി നടത്തം
* വിത്ത് മുളപ്പിക്കൽ
* വ്യത്യസ്ത സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.
* പരിസ്ഥിതിദിനാചരണം
* പ്രകൃതിയെ അറിയാം.
* പോസ്റ്റർ നിർമ്മാണം
* ക്വിസ്സ് മത്സരങ്ങൾ
* ഹരിതകാർഡ് നിർമ്മാണം.
* ഹരിതഭൂമി - വീഡിയോ പ്രദർശനം
* "ലഹരിക്കെതിരെ" - ജാഗ്രത - ICT

ജൂലൈ

* വ്യത്യസ്ത തരം ജീവികളെ നിരീക്ഷിക്കൽ
* ചിത്രശേഖരണം
* മണ്ണ് നിരീക്ഷണം
* ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം
* ജൈവ പച്ചക്കറിത്തോട്ടം.
* സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ (വർഷം മുഴുവൻ)

ആഗസ്റ്റ്

* മഴമാപിനി നിർമ്മാണം.
* ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം.
* കിണർ സന്ദർശനം
* മണ്ണ് നിരീക്ഷണം
* കളിമൺ രൂപ നിർമ്മാണം
* വ്യത്യസ്ത പരീക്ഷണങ്ങൾ,
* ട്രാഫിക് നിയമങ്ങൾ - ബോധവത്കരണ ക്ലാസ്.

സെപ്റ്റംബർ

* ശുചിത്വ പോസ്റ്റർ നിർമ്മാണം
* സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ
* ആരോഗ്യ ബോധവത്കരണ സെമിനാർ
* ആരോഗ്യ പ്രവർത്തകനുമായി - Interview

## ഒക്ടോബർ

* ഫീൽഡ് ട്രിപ്പ് - പഴം/പച്ചക്കറി കട
* Food festival - ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിനായി ഭക്ഷ്യമേള പ്രദർശനം
* എന്റെ ആരോഗ്യ കാർഡ് - ഭാരം കൂട്ടിയും BMI കാണുന്നു.
* സ്കൂൾ പച്ചക്കറിത്തോട്ടം - പരിപാലനം
* ശരിയായ ഭക്ഷണശീലങ്ങൾ - പോസ്റ്റർ നിർമ്മാണം.

## നവംബർ

* നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള രുചിയറിവ്
* ശുചിത്വ ബോധവൽക്കരണം - ശുചിത്വോത്സവം
* ആരോഗ്യ വിദഗ്ധരുടെ ക്ലാസ്സ്
* റോൾപ്ലേ - റോഡ് നിയമങ്ങൾ
* First Aid Kit - തയ്യാറാക്കൽ
* First Aid - Readers Theatre
* സ്വയം സുരക്ഷ - പഠന കളികൾ

* ചർച്ച
* ബോധവത്കരണം

ഡിസംബർ

* പരീക്ഷണങ്ങൾ
* നിരീക്ഷണ പ്രവർത്തനം
  - Globe. ICT
* ദേശീയപതാക നിർമ്മാണം, വരയ്ക്കൽ
* ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ
* ഭൂപട വായന
* എന്റെ കേരളം - ചിത്രരചന
  കൊളാഷ്, കുറിപ്പ്
* ചോദ്യോത്തരപ്പയറ്റ്
* ഭൂപ്രകൃതി തിരിച്ചറിയൽ
  - Google Map

ജനുവരി, ഫെബ്രുവരി

* ജീവികളുടെ കൂടുകൾ - ചിത്രശേഖരണം
* വ്യത്യസ്തതരം വീടുകൾ - ആൽബം
* വീട് നിർമ്മാണ ഇടം - സന്ദർശനം
* വ്യത്യസ്തതരം ജോലികൾ - സർവ്വേ
* Interview and Field Visit

* പൊതുസ്ഥാപനങ്ങൾ - സേവനങ്ങൾ തിരിച്ചറിയൽ
* വിവിധതരം വീടുകളുടെ മേൽക്കൂര, ചുമർ, നിലം - ഇവയിലെ വ്യത്യസ്തതകൾ തിരിച്ചറിയുന്നതിന്

## മാർച്ച്

* പഠനോത്സവം
* Flash Mob
* പ്രദർശനം

## ശാസ്ത്ര വിസ്മയ ചുമർ

ശാസ്ത്രപഠനം രസകരമാക്കുന്നതിനായി ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ ക്ലാസ്മുറിയിൽ പ്രദർശിപ്പിക്കുന്നു.

## ശാസ്ത്രമൂല

ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പതിപ്പുകൾ സംഘടിപ്പിക്കൽ.

## ശാസ്ത്രോത്സവം

ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗിക്കുന്നതിനായി പതിപ്പ് ചാർട്ട്, പഠനോപകരണം, പതിപ്പുകളുടെ - പ്രദർശനം

# Academic Master Plan
# GLPS Pottassery East
# English Std : III

Aim :

To speak, Read and write English without any mistakes.

Time : June to March

Pretest

To check the vocabulary and writing skills of pupils

June and July

To develop the listening skills and Reading skills.

Listening Skills

1. Games, Action songs, Hello English Activities.
2. conversations, skit, stories.
3. Use ICT possibilities.

## Speaking skills

* Identify the naming words from the picture.

* Identify the action words from the same picture.

* Make simple sentences using the action words and naming words about the picture.

* Growing sentences, picture reading self introduction .... English assemblies are also conducted.

## Activities

speech, book review, quiz, riddles self introduction, school radio etc.

## August and september.

Develop the creative speaking and writing.

## Reading Skills

* Newspaper reading, library books reading, book review, breaking news.
* Find out the words
* collect and read past tense
* Rhyming words.
* Describing words etc.
* Text book Activities.

## Writing Skills

* Make word web
* Picture description with describing words.
* word chain and sentence chain
* Make riddles, conversating
* Add more lines

## Activities

Speech, bookreview, quiz, Riddles, self introduction, School Radio, Description making, magazines etc.

October and November

* To express thoughts, feelings etc.

Reading Skills

* Newspaper reading, library books reading, book review
* conversations, skit stories, use ICT materials.
* Reads breaking news.
* Develop story.
* Read Notices.

Writing Skills

Description, Notice, Thoughts.

Activities

Speech, quiz, riddles, school Radio, make magazines, skits etc.

December and January

* Develop the creative speaking and writing.
* To express thoughts, feelings etc.

## February and March

To improve the presentation power.

Reading Skill

* English Fest. Skit, stories conversations.
* Develop stories
* Diary
* Reads letters from friends

Writing Skills

* Diary
* Letter
* Announcement
* Description
* Notice
* Thought
* World of words....

Activities

Speech, quiz, Riddles, Magazines.

## Reading Skill

* Newspaper reading, library books reading, book reveiw, reading
* conversations, skit, stories, use ICT Materials
* Develop story.
* Reads Diary
* Reads letters from friends.

## Writing Skills.

* Diary * Letter * Announcement

Activities

Speech, quiz, Riddles, word Games, English Fest, make magazines, skits, classroom post-offices etc...

Let's Enjoy English

conduct one day English workshop - Let's talk with an English expert.

One word - one Day

Introduce a new word each and every day...

English Assembly

conduct an english assembly once in a week.

English Magazine

Make a beautiful english magazine (Including Discourses)

English Corner.

To make a reading corner in each classes including english books.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |


jibin550@gmail.com

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി – സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |



jthm550@gmail.com

# സർഗാത്മക ഡയറി

ആശയങ്ങൾ ലേഖനത്തിലൂടെ ആവിഷ്കരിക്കുന്നതിനും അർത്ഥപൂർണമായി എഴുതുന്നതിനും ആശയവിനിമയശേഷി കൈവരിക്കുന്നതിനും കുട്ടികളിൽ അന്തർലീനമായ സർഗ്ഗാത്മകശേഷി വളർത്തുന്നതിനും സർഗ്ഗാത്മകഡയറി കുട്ടികൾ ദിവസേന എഴുതുന്നു.

## കാവ്യോത്സവം

കുട്ടികൾ പഠിച്ചതും പരിചയപ്പെട്ടതുമായ കവിതകൾ താളമേളങ്ങളോടെ ചൊല്ലി അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്നതിനായി ക്ലാസ് അടിസ്ഥാനത്തിൽ കാവ്യോത്സവം സംഘടിപ്പിക്കുന്നു. ഒരേ ഈണത്തിലും താളത്തിലുമുള്ള കവിതകൾ, സമാന ആശയമുള്ള കവിതകൾ എന്നിവ അവതരിപ്പിക്കാൻ അവസരം നല്കുന്നു.

കാലാവധി: രണ്ട് മാസത്തിൽ ഒരിക്കൽ (6 എണ്ണം)

## റീഡേഴ്സ് തിയേറ്റർ

കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്രശിക്ഷാ കേരളം വിദ്യാഭ്യാസ നടപ്പിലാക്കിയ പദ്ധതിയാണ് റീഡേഴ്സ്

തിയേറ്റർ. ഓരോ യൂണിറ്റും കഴിയുന്നതോടെ കുട്ടികൾ ആ പാഠഭാഗത്തിന്റെ ആശയം മറന്ന് പോകാതെ ക്രമമായി ഓർക്കുന്നതിനും ഗ്രഹിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കുന്നു. കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ ആഖ്യാനം, സംഭാഷണം എന്നിവ കണ്ടെത്തി നാടകാവിഷ്കാരം പോലെ വായിക്കുന്നു. ചമയങ്ങളൊന്നുമില്ലാതെ ആവശ്യമായ ശബ്ദവ്യതിയാനം വരുത്തി ഭാവാത്മകമായിട്ടാണ് പാഠഭാഗം വായിക്കുന്നത്. ആവശ്യമായ പശ്ചാത്തല സംഗീതം/ശബ്ദങ്ങൾ നൽകാവുന്നതാണ്. കുട്ടികളിൽ ആശയങ്ങൾ ഉറപ്പിക്കാനും വായനയെ പ്രോത്സാഹിപ്പിക്കാനും ഇവ സഹായിക്കുന്നു.

# അക്കാദമിക മാസ്ററർ പ്ലാൻ

2025-26

# ക്ലാസ്സ് നാല്

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ. | SRG<br>ക്ലാസ് ടീച്ചർ | PTA |
| വായിക്കാം.... വളരാം.<br>വായനാശേഷി വളർത്തൽ. | • ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>• പുസ്തകപരിചയം<br>• ക്ലാസ് വായനാക്കൂട്ടം<br>• പത്രവായന<br>• വായനാകുറിപ്പ്, ആസ്വാദനക്കുറിപ്പ്. | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുതാം... രസിക്കാം.<br>എഴുത്ത് പരിപോഷിപ്പിക്കൽ. | • സർഗാത്മക ഡയറി<br>• പാഠഭാഗങ്ങളിൽനിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ.<br>• ലേഖനശേഷി വർധിപ്പിക്കൽ.<br>• സാഹിത്യകാരന്മാരെ അടുത്തറിയൽ | കഥാ-കവിതാ ശില്പശാല | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ. | PTA |
| കണ്ടറിയാം... കേട്ടറിയാം.<br>അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ. | |
| ഓർക്കാം... അഭിമാനിക്കാം.<br>സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. | • ഓർമദിനങ്ങൾ ആചരിക്കൽ.<br>• ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തക പരിചയം.<br>• ക്വിസ്. | ആവശ്യാനുസരണം. | SRG<br>ക്ലാസ് ടീച്ചർ. | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| സർഗോത്സവം. ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗശേഷിയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ. | H.M<br>SRG<br>CPTA | PTA |
| | | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | ജ്യാമിതീയ രൂപങ്ങളുടെ നിർമാണം.<br>* ഗണിത മാഗസിൻ. | ജൂൺ.<br>വർഷത്തിലൊന്ന്. | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചിന്താശേഷി വളർത്തൽ. | ഒരു ദിനം ഒരു ചോദ്യം. (കുസൃതിക്കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ.) | വർഷാവസാനം വരെ. | ക്ലാസ് ടീച്ചർ | |
| ഗണിതപഠനം രസകരമാക്കൽ. (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ; നടപ്പാക്കൽ.<br>• ഏണിയും പാമ്പും<br>• ഡയസ് കളി<br>• കച്ചവടക്കളി. | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | SSA, PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനപ്രവർത്തനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ; പഠനത്തിന് ഉപയോഗ – പ്പെടുത്തൽ. | വർഷം മുഴുവൻ | H.M<br>SRG<br>class ടീച്ചർ. | PTA |
| ഗണിത പഠനോപകരണ ശില്പശാല. (പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ.) | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം, പ്രദർശനം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>SRG | PTA |
| ഗണിതമേള. (ഗണിത ശേഷികളുടെ പ്രകടനം) | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉല്പന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ<br>SMC | PTA |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- | --- |
| നിരീക്ഷണം- അറിവുനിർമാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രമേള.<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| ഭൂപടമൊരുക്കാം.<br>• കേരളം, ഇന്ത്യ ഭൂപട വായന;<br>• സൂചിക പരിചയപ്പെടൽ. | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചികാനിർമാണം. | പാഠഭാഗ പഠന സമയത്ത് | ക്ലാസ് ടീച്ചർ. | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം. | • പതിപ്പ്<br>• ചാർട്ട്.<br>• പഠനോപകരണങ്ങൾ<br>• പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊന്ന് | H.M<br>SRG<br>DTA | PTA |

# ENGLISH.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന്. | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. | |
| സർഗാത്മകതാ പരിപോഷണം. | പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. Skit, Roleplay, Conversation, Story telling etc. | പാഠഭാഗങ്ങളോടനുബന്ധിച്ച്. | ക്ലാസ് ടീച്ചർ. | |
| ഇംഗ്ലീഷ് ഫെസ്റ്റ്. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് പറയുവാനും എഴുതുവാനുമുള്ള നിലവാരത്തിലെത്തിക്കൽ | • വായനാ മത്സരം. • രചനാ മത്സരം. • മറ്റു സർഗാത്മക കഴിവുകളുടെ അവതരണം. | വർഷത്തിലൊന്ന്. | SRG PTA | PTA |
| ഇംഗ്ലീഷ് ലൈബ്രറി. ഭാഷ കൈകാര്യം ചെയ്യുന്നതിന്. | വായനാമൂലയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തുന്നു. വായിക്കാനവസരം നൽകുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

# ജി.എൽ.പി.എസ്
# പൊററശേരി ഈസ്ററ്

കാഞ്ഞിരപ്പുഴ പി.ഒ മണ്ണാർക്കാട്
പാലക്കാട് ജില്ല, പിൻ 678591



## അക്കാദമിക മാസ്ററർ പ്ലാൻ

## 2025-26